"ഭരണഭാഷ - മാതൃഭാഷ"

നം:-Y1/15086/2024/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 29-07-2024

---

## സർക്കുലർ

---

**വിഷയം:**- പൊതുവിദ്യാഭ്യാസം-2024-25 ദക്ഷിണേന്ത്യ ശാസ്ത്ര നാടകോത്സവം- സംബന്ധിച്ച്

**സൂചന** :- 1.വി ഐ ടി എം ഡയറക്ടറുടെ 01.07.2024 തീയതിയിലെ VM 24(18)EDEXT/SISDF-2024/231 നമ്പർ കത്ത്

സംസ്ഥാനത്തെ ഗവൺമെൻറ്/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായാണ് ശാസ്ത്ര നാടക മത്സരം നടത്തപ്പെടുന്നത്. ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യരാശിയുടെ പ്രയോജനത്തിനായി (science and technology for the benefit of mankind) എന്ന വിഷയമാണ് പ്രധാനമായി ഈ വർഷം തെരഞ്ഞെടുത്തിട്ടുള്ളത്. അതോടൊപ്പം തെരഞ്ഞെടുത്തിട്ടുള്ള ഉപ വിഷയങ്ങളും ചുവടെ ചേർക്കുന്നു

1. ആഗോള ജല പ്രതിസന്ധി (Global Water Crisis)
2. നിർമ്മിത ബുദ്ധിയും സമൂഹവും (Artificial Intelligence and Society)
3. ആധുനിക സാങ്കേതിക വിദ്യകളും ദുരന്ത നിവാരണവും (Modern Technologies for Disaster Management)
4. ആരോഗ്യവും ശുചിത്വവും (Health and Hygiene)
5. കാലാവസ്ഥാ വ്യതിയാനവും അതിന്റെ സ്വാധീനവും (Climate Change and its Impact).

പ്രസ്തുത വിഷയങ്ങളിലാകണം സ്കൂൾതലം മുതൽ റവന്യൂജില്ലാതലം വരെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

**എ) ശാസ്ത്ര നാടകത്തിന്റെ മാനദണ്ഡങ്ങൾ**

1. നാടകത്തിൻറെ ദൈർഘ്യം 30 മിനിറ്റിൽ കൂടാൻ പാടില്ല

2.ഓരോ ടീമിലും പരമാവധി 10 അംഗങ്ങൾ, സംവിധായകൻ- 1, സ്ക്രിപ്റ്റ് റൈറ്റർ- 1, പിന്നെ പരമാവധി 8 സ്റ്റേജ് ആർട്ടിസ്റ്റുകളും (ലിംഗഭേദമില്ലാതെ) ഉൾപ്പെടും.

3.നാടകത്തിന്റെ ദൈർഘ്യവും കഥാപാത്രങ്ങളുടെ എണ്ണവും മേൽ പരാമർശിച്ച പ്രകാരം പരിമിതപ്പെടുത്തുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

4.തിയേറ്റർ സംഘം സ്വന്തം സ്റ്റേജ് പ്രോപ്പ്/ ക്രാഫ്റ്റ്സ്/ ലൈറ്റുകൾ എന്നിവ സജ്ജീകരിക്കണം. കൂടാതെ സജ്ജീകരണം 5 മുതൽ 10 മിനിറ്റിനുള്ളിൽ പൂർത്തീകരിക്കണം.

5.മലയാളം, ഇംഗ്ലീഷ്, ഹിന്ദി അല്ലെങ്കിൽ മറ്റ് ഇന്ത്യൻ ഭാഷയിൽ നാടകം

അവതരിപ്പിക്കാവുന്നതാണ്.

6.നാടകത്തിൽ നൃത്തം, സംഗീതം, വസ്ത്രങ്ങൾ, മിമിക്രി, കഥയുടെ സജ്ജീവത സൃഷ്ടിക്കുന്നതിനുള്ള മോഡലുകൾ അവതരിപ്പിക്കാവുന്നതാണ്. അത്തരത്തിലുള്ള എല്ലാ ക്രമീകരണങ്ങളും അവതരിപ്പിക്കുന്ന ടീം തന്നെ ചെയ്യേണ്ടതാണ്.

7.നാടക അവതരണത്തിനെ ശക്തിപ്പെടുത്തുവാൻ ടീമുകൾക്ക് രേഖാമൂലമുള്ള പോസ്റ്ററുകൾ, ബാനറുകൾ, ഓഡിയോ വിഷ്വൽ എയിഡുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

**ബി) നാടക തിരക്കഥയുടേയും അവതരണത്തിന്റെയും സ്വഭാവം സംബന്ധിച്ച്**

1.സ്ക്രിപ്റ്റിൽ വേരൂന്നിയ നിർദ്ദിഷ്ട വിഷയത്തിനും ഉപവിഷയത്തിനും അനുസൃതമായി ശാസ്ത്ര സന്ദേശത്തെ അടിസ്ഥാനമാക്കിയുള്ള തിരക്കഥയാണ് നാടകത്തിന് അഭികാമ്യം.

2.ശാസ്ത്രനാടകത്തിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾ- ഒന്ന് നാടകത്തിന്റെ കഥ രണ്ട്- നാടകത്തിൽ അഭിനയിക്കുന്നവരുടെ സജ്ജീവത.

3.നാടകത്തിന്റെ ദൈർഘ്യവും കഥാപാത്രങ്ങളുടെ എണ്ണവും പരിമിതപ്പെടുത്താൻ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

4.വാചാലവും കൂടാതെ ദൃശ്യപരവും സജീവവുമായ അവതരണങ്ങളാണ് അഭികാമ്യം.

5.നാടകത്തിൽ മനസ്സിലാകുന്ന ഭാഷയിൽ സംഭാഷണങ്ങൾ ഒരുക്കേണ്ടതാണ്

6.നാടകീയ പ്രകടനങ്ങൽ, മുദ്രാവാക്യങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

7.പ്രേക്ഷകരിൽ വൈകാരികത സൃഷ്ടിക്കുന്നതിനായി നാടക അവതരണത്തിൽ സജ്ജീവത ഉണ്ടായിരിക്കേണ്ടതാണ്. ജീവിത സാദൃശ്യമുള്ള കഥകളാണ് അവതരിപ്പിക്കേണ്ടത്.

**സി) ശാസ്ത്ര നാടക മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ**

1.മത്സരാർത്ഥികൾ സമർപ്പിക്കുന്ന സ്ക്രിപ്റ്റുകൾ ഒറിജിനൽ ആയിരിക്കണം.നിങ്ങളുടെ സ്ക്രിപ്റ്റ് മുൻപ് മറ്റെവിടെയെങ്കിലും, ഒരു രൂപത്തിലും പ്രസിദ്ധീകരികരിച്ചിരിക്കുവാൻ പാടുള്ളതല്ല. സമർപ്പിക്കുന്ന സ്ക്രിപ്റ്റുകൾ മുമ്പ് ഒരു മത്സരത്തിനും (ഓൺലൈനായോ ഓഫ്ലൈനായോ) സമർപ്പിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

2.പൂർണ്ണമായും നിർമ്മിത ബുദ്ധി വഴി(Artificial Intelligence) വഴി സൃഷ്ടിച്ച സ്ക്രിപ്റ്റുകൾ സമർപ്പിക്കാൻ പാടുള്ളതല്ല. അപ്രകാരം സ്ക്രിപ്റ്റുകൾ സമർപ്പിക്കുന്ന മത്സരാർത്ഥികളെ അയോഗ്യരാക്കുന്നതായിരിക്കും. എന്നാൽ നാടകം മെച്ചപ്പെടുത്തുന്നതിന്, AI ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ അനുവദനീയമാണ്.അത് മുൻകൂട്ടി എൻടി സമർപ്പിക്കുന്ന സമയത്ത് അറിയിക്കേണ്ടതാണ്.AI മുഖേനയാണോ സ്ക്രിപ്റ്റ് പൂർണ്ണമായിട്ടും തയാറാക്കിയത് എന്നത് പരിശോധനക്ക് വിധേയമായിരിക്കും.

3.സ്ക്രിപ്റ്റ് പൂർണ്ണമായിട്ടും നൽകിയിട്ടുള്ള പ്രധാന വിഷയത്തിലും ഉപ-വിഷയത്തിൻമേലും ആയിരിക്കണം.സ്ക്രിപ്റ്റിൽ നിലവിലുള്ള ഒരു ശാസ്ത്രമോ സാങ്കേതിക ആശയമോ ഉപയോഗിക്കുകയാണെങ്കിൽ, കൃത്യമായ ശാസ്ത്ര പ്രാതിനിധ്യം നൽകുന്നുവെന്ന് ഉറപ്പ വരുത്തേണ്ടതാണ്. പ്രേക്ഷകരെ തെറ്റിദ്ധരിപ്പിക്കാനോ ഒരു വിഷയം സെൻസേഷണലൈസ് ചെയ്യാനോ വ്യാജ ശാസ്ത്രം പ്രചരിപ്പിക്കാനോ പാടുള്ളതല്ല.

**ഡി) യോഗ്യത**

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കാണ് ശാസ്ത്ര നാടകത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.സംസ്ഥാനതല ശാസ്ത്ര നാടകത്തിൽ ഒന്നും,രണ്ടും സ്ഥാനത്ത് എത്തുന്ന വിദ്യാർത്ഥികളുടെ ടീമിനാണ് 2024 നവംബർ 14, 15 തീയതികളിൽ ബെംഗളൂരു വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആൻഡ് ടെക്നോളജിക്കൽ മ്യൂസിയത്തിൽ വച്ച് നടക്കുന്ന ദക്ഷിണേന്ത്യ ശാസ്ത്ര നാടകോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.

**ഇ) ഗ്രേഡിംഗ് സൂചകങ്ങൾ & സമ്മാനങ്ങൾ**

1. നാടക അവതരണത്തിന്-50 മാർക്ക്
2. നാടകത്തിലെ ശാസ്ത്രീയ ഉള്ളടക്കത്തിന്-30 മാർക്ക്
3. നാടകത്തിന്റെ  ഫലപ്രാപ്തിയ്ക്ക്-20 മാർക്ക്

ആകെ - 100 മാർക്ക്

ടീം ഇനത്തിൽ സമ്മാനം നൽകുന്നത് ഇപ്രകാരമാണ്

മികച്ച നാടകത്തിന്-ഒന്നാം സ്ഥാനം,രണ്ടാം സ്ഥാനം,മൂന്നാം സ്ഥാനം

വ്യക്തിഗത സ്ഥാനങ്ങൾ നൽകുന്നത് ഇപ്രകാരമാണ്

1.മികച്ച സംവിധായകൻ

2.മികച്ച തിരക്കഥാകൃത്ത്

3.മികച്ച നടൻ (പുരുഷൻ)

4.മികച്ച നടി (സ്ത്രീ)

മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് ശാസ്ത്ര നാടകം നടത്തേണ്ടത്.ആയതിനാൽ സ്കൂൾതലം മുതൽ റവന്യൂജില്ലാതലം വരെയുള്ള ശാസ്ത്ര നാടക മത്സരം ചുവടെ പരാമർശിച്ചിട്ടുള്ള തീയതികളിൽ സംഘടിപ്പിക്കേണ്ടതാണ്.

സ്കൂൾതല മത്സരങ്ങൾ - 2024 സെപ്റ്റംബർ 30 നകം പൂർത്തീകരിക്കേണ്ടതാണ്.

ഉപജില്ലാതല മത്സരങ്ങൾ - 2024 ഒക്ടോബർ 14 നകം പൂർത്തീകരിക്കേണ്ടതാണ്.

റവന്യൂജില്ലാതല മത്സരങ്ങൾ - 2024 ഒക്ടോബർ 24 നകം പൂർത്തീകരിക്കേണ്ടതാണ്.

സംസ്ഥാനതല ശാസ്ത്ര നാടക മത്സരത്തിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.സയൻസ് ക്ലബ്ബ് സെക്രട്ടറിമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുമായി കൂടിയാലോചിച്ച് മത്സര നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.ശാസ്ത്ര നാടകത്തിന്റെ വിശദമായ നിയമങ്ങളും വ്യവസ്ഥകളും അടങ്ങിയ പകർപ്പ് സർക്കുലറിന്റെ കൂടെ ഉള്ളടക്കം ചെയ്തിട്ടുണ്ട്

Signed by
Shanavas S
Date: 29-07-2024 13:07:14

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

3.എല്ലാ പ്രിൻസിപ്പാൾ/പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

4.സയൻസ് സ്റ്റേറ്റ് സെക്രട്ടറി.

5.എല്ലാ ശാസ്ത്ര വിഭാഗം റവന്യൂ ജില്ലാ സെക്രട്ടറിമാർക്കും.(ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)

6.എല്ലാ ശാസ്ത്ര വിഭാഗം ഉപജില്ലാ സെക്രട്ടറിമാർക്കും(ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

7.മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്